## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **30-01-2024 - ൽ മറുപടിയ്ക്ക്**

## പകൽ സമയ വൈദ്യുതി നിരക്ക് കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പകൽ സമയ വൈദ്യുതി ഉപഭോഗ നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത്, കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പകൽ സമയത്ത് വൈദ്യുതി ഉപഭോഗത്തിന് നിരക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 08.02.2023-ൽ കെ.എസ്.ഇ.ബി ലിമിറ്റഡ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷനിലൂടെ നൽകിയിരുന്നു. ലോ ടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യവസായ ഉപഭോക്താക്കളുടെയും ഹൈടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യവസായിക ഉപഭോക്താക്കളുടെയും പകൽ സമയത്തെ നിരക്ക് സാധാരണ നിരക്കിന്റെ 95 ശതമാനം ആക്കണമെന്ന ഉള്ള നിർദ്ദേശമാണ് കമ്മീഷൻ മുൻപാകെ സമർപ്പിച്ചത്. എന്നാൽ റെഗുലേറ്ററി കമ്മീഷൻ 31.10.2023-ലെ ഉത്തരവിൽ, ഇക്കാര്യത്തിൽ പൊതു തെളിവെടുപ്പ് ഉൾപ്പെടെയുള്ള വിശദമായ പരിശോധന ആവശ്യമാണെന്ന് വ്യക്തമാക്കുകയും, കെ.എസ്.ഇ.ബി ലിമിറ്റഡിനോട് പ്രത്യേകമായി എല്ലാ വിവരങ്ങളും വസ്തുതകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പെറ്റീഷൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച്, അടുത്ത താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളോടൊപ്പം പ്രസ്തുത വിഷയം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്ത്, കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പകൽ സമയത്ത് വൈദ്യുതി ഉപഭോഗത്തിന് നിരക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 08.02.2023-ൽ കെ.എസ്.ഇ.ബി ലിമിറ്റഡ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷനിലൂടെ നൽകിയിരുന്നു. ലോ ടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യവസായ ഉപഭോക്താക്കളുടെയും ഹൈടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യവസായിക |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളുടെയും പകൽ സമയത്തെ നിരക്ക് സാധാരണ നിരക്കിന്റെ 95 ശതമാനം ആക്കണമെന്ന ഉള്ള നിർദ്ദേശമാണ് കമ്മീഷൻ മുൻപാകെ സമർപ്പിച്ചത്. എന്നാൽ റെഗുലേറ്ററി കമ്മീഷൻ 31.10.2023-ലെ ഉത്തരവിൽ, ഇക്കാര്യത്തിൽ പൊതു തെളിവെടുപ്പ് ഉൾപ്പെടെയുള്ള വിശദമായ പരിശോധന ആവശ്യമാണെന്ന് വ്യക്തമാക്കുകയും, കെ.എസ്.ഇ.ബി ലിമിറ്റഡിനോട് പ്രത്യേകമായി എല്ലാ വിവരങ്ങളും വസ്തുതകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പെറ്റീഷൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച്, അടുത്ത താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളോടൊപ്പം പ്രസ്തുത വിഷയം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ